"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

നം-WCD-C2/26/2022-WCD
വനിതാ ശിശു വികസന (സി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 19-10-2022

**സർക്കുലർ**

വിഷയം:- വനിതാ ശിശു വികസന വകുപ്പ് - പഠന സൗകര്യമില്ലാത്ത കുട്ടികൾക്ക് രാഷ്ട്രീയ/സന്നദ്ധ സംഘടനകൾ വഴിയോ മറ്റ് വഴികളിലൂടെയോ സാമ്പത്തിക സഹായം/പഠനോപകരണങ്ങൾ എന്നിവ നൽകുകയും പ്രസ്തുത കുട്ടികളുടെ ഫോട്ടോ സാമൂഹിക/മുഖ്യധാര മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നതിലൂടെ കുട്ടികൾക്കുണ്ടാകുന്ന അഭിമാനക്ഷതം ഒഴിവാക്കുന്നതിനായി അത്തരം പ്രവണതകൾ വിലക്കി നിർദ്ദേശം നല്കുന്നത് - സംബന്ധിച്ച്.

സൂചന:- 06.08.2020-ൽ ബഹു.കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പുറപ്പെടുവിച്ച സി.ആർ.എം.പി.നമ്പർ: 4094/07/LA1/2020/KeSCPCR നമ്പർ ഉത്തരവ്.

**********************

സാക്ഷര കേരളത്തിൽ അഭിമാനപൂർവ്വം ജീവിക്കണം എന്നത് ഓരോ കുട്ടിയുടെയും അവകാശമാണ്. സന്നദ്ധ സംഘടനകളും സ്വകാര്യ വ്യക്തികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനസഹായവും പഠനോപകരണങ്ങളുടെ വിതരണവും നടത്തുകയും അത്തരത്തിൽ സാമ്പത്തിക സഹായം ചെയ്യുന്നവരിൽ പലരും കുട്ടികൾ സാമ്പത്തിക സഹായങ്ങൾ സ്വീകരിക്കുന്നതിന്റെ ചിത്രങ്ങൾ മുഖ്യധാരാ മാധ്യമങ്ങളിൽ കൂടിയും സാമൂഹ്യ മധ്യമങ്ങളിലൂടേയും പ്രചരിപ്പിക്കുന്നതു അവരുടെ മാനസിക വളർച്ചയെയും വ്യക്തിത്വ വികാസത്തേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ 18 വയസ്സിന് താഴെയുള്ള കുട്ടികൾ ധനസഹായം സ്വീകരിക്കുന്ന ചിത്രങ്ങൾ മുഖ്യധാരാ മാധ്യമത്തിൽ കൂടിയും സാമൂഹ്യ മാധ്യമത്തിൽ കൂടിയും പ്രചരിപ്പിക്കരുതെന്നും അത്തരം പ്രവണതകൾക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹു.കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ട ഹർജി പരിഗണിച്ച് സർക്കാരോ മറ്റ് സർക്കാർ ഇതര സ്ഥാപനങ്ങളോ കുട്ടികൾക്ക് നൽകുന്ന സഹായാനുകൂല്യങ്ങളുടെ ഫോട്ടോകൾ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തരുതെന്ന് കാണിച്ച് സർക്കുലർ പുറപ്പെടുവിക്കണമെന്ന് സൂചന പ്രകാരം ബഹു.കമ്മീഷൻ ശിപാർശ ചെയ്തിരുന്നു.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. രാജ്യത്തു ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും ശ്രദ്ധയും സംരക്ഷണവും സംബന്ധിച്ച വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നത് ബാലനീതി നിയമം 2015 പ്രകാരമാണ് . പ്രസ്തുത നിയമത്തിന്റെ ആധാരമായ തത്വങ്ങളിൽ കുട്ടികളുടെ ആത്മാഭിമാനം , സ്വകാര്യത എന്നിവയുടെ സംരക്ഷണം ഉൾപ്പെട്ടിട്ടുണ്ട് . ആയതിനാൽ സഹായം സ്വീകരിക്കുന്ന കുട്ടികളുടെ മാനസിക വളർച്ചയും വ്യക്തിത്വ വികാസവും അത്മാഭിമാനവും സാമൂഹിക ജീവിതവും കണക്കിലെടുത്ത് 18 വയസ്സിന് താഴെയുള്ള കുട്ടികൾ ധനസഹായമുൾപ്പെടെയുള്ള സഹായങ്ങൾ സ്വീകരിക്കുന്ന ചിത്രങ്ങൾ സാമൂഹിക/മുഖ്യധാര മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് കർശനമായി വിലക്കികൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു. വീഴ്ചവരുത്തുന്ന പക്ഷം സർക്കാർ ആയത് സഗൗരവം വീക്ഷിക്കുന്നതാണ്.

സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Lakshmi

സെക്ഷൻ ഓഫീസർ.

പകർപ്പ് രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ഉദ്യോഗസ്ഥർക്കും
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി